# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1008 03.12.2014-ലെ മറുപടിക്ക്

## പട്ടികജാതിയിൽപ്പെട്ട മിശ്രവിവാഹിതരുടെ മക്കൾക്ക് ചികിത്സാധനസഹായത്തിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ.എ.പി.അനിൽ കുമാർ (പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) പട്ടികജാതി വിഭാഗക്കാർക്കുള്ള ചികിത്സാധനസഹായത്തിന് മിശ്ര വിവാഹിതരുടെ മക്കൾക്ക് ധനസഹായം ലഭിക്കണമെങ്കിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആരുടെ സാക്ഷ്യപ്പെടുത്തലുള്ള സർട്ടിഫിക്കറ്റാണ് ഹാജരാക്കേണ്ടത് ; | (എ) പട്ടിക ജാതിയിൽപ്പെട്ടവർക്ക് മാത്രമാണ് വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്. ഇതിലേക്കായി, രോഗിയുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. |
| (ബി) പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഇനിയും എത്ര പേർക്ക് അനുവദിക്കപ്പെട്ട ധനസഹായം കൊടുത്തുതീർക്കുവാനുണ്ട്; | (ബി) പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ധനസഹായം ലഭിക്കാത്തവരുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) ചികിത്സാധനസഹായത്തിന് ഇത്തരം നിയമത്തിന്റെ സങ്കീർണ്ണതകൾ തടസ്സമാവുന്നു എന്ന വസ്തുത കണക്കിലെടുത്ത് നിലവിലുള്ള നിയമ ത്തിൽ ഇളവ് വരുത്തി ചികിത്സാ സഹായം യഥാസമയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ? | (സി) ചികിത്സാധനസഹായം അനുവദിക്കുന്ന തിന് അപേക്ഷകരുടെ അർഹത പരിശോധി ക്കുന്നതിന് ജാതി, വരുമാന, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ അനിവാര്യമാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന വർക്ക് യഥാസമയം ചികിത്സാധനസഹായം അനുവദിച്ച് നൽകുന്നതിൽ യാതൊരുവിധ നിയമ സങ്കീർണ്ണതകളുമില്ലാത്തതിനാൽ നിലവിലുള്ള നിയമത്തിൽ ഇളവ് വരുത്തേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ